**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** — **19-01-2021 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്ത് ഉദ്യോഗസ്ഥ വിഭാഗം സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഉദ്യോഗസ്ഥ വിഭാഗം സംയോജനത്തിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് കൊണ്ട് സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സ.ഉ.(സാധാ) നം.1611/2020/ ത.സ്വ.ഭ.വ തീയതി, 07.09.2020 പ്രകാരം നിലവിലുണ്ടായിരുന്ന പ്രിൻസിപ്പൽ ഡയറക്ടറെ ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായും പഞ്ചായത്ത് ഡയറക്ടറെ തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ ആയും നഗരകാര്യ ഡയറക്ടറെ തദ്ദേശ സ്വയം ഭരണ വകുപ്പ് (അർബൻ) ഡയറക്ടർ ആയും പുനർനാമകരണം ചെയ്യുകയും പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, റൂറൽ ഡയറക്ടറേറ്റ്, അർബൻ ഡയറക്ടറേറ്റ് എന്നിവ നിശ്ചയിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനിയറിങ് വിങിനെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എൻജിനീയറിങ് വിങ് എന്നും നഗരാസൂത്രണ വകുപ്പിനെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം രൂപീകരിച്ച പബ്ലിക്ക് ഹെൽത്ത് എൻവയോൺമെന്റ് വിങ്, കമ്മ്യൂണിക്കേഷൻ ഉപവിഭാഗം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഏകീകൃത പൊതുസർവീസിന്റെ ഭാഗമായി ഒരു ഐ.റ്റി സെൽ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പൊതുസർവീസുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ |

| | | | |
|---|---|---|---|
| | | | തലത്തിൽ ഒരു പരാതി പരിഹാര സെല്ലും സർക്കാർ തലത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ അധ്യക്ഷതയിൽ അഞ്ച് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഓർഗനൈസേഷൻ ചാർട്ട് തയാറാക്കുന്നതിന് എല്ലാ വകുപ്പുകളിലേയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാരുടെയും ഒരു ഉപസമിതി പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ് . |
| (ബി) | ഇതിന്റെ ഭാഗമായുള്ള സ്പെഷ്യൽ റൂൾ സംബന്ധിച്ച് ജീവനക്കാരുടെ ആശങ്ക പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (സി) | ഏകീകൃത സർവ്വീസിൽ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റിയെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ഡി) | ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയാണ് എന്ന് അറിയിക്കുമോ? | (ഡി) | പൊതു സർവീസ് രൂപീകരിക്കുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ